# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 262** — **02.04.2013-ൽ മറുപടി നൽകേണ്ടത്**

# വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം

**ചോദ്യം**
ശ്രീ കോവൂർ കുഞ്ഞുമോൻ

**മറുപടി**
ശ്രീ അടൂർ പ്രകാശ്
ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി

(എ) വില്ലേജ് ആഫീസുകളിൽനിന്നും ജനങ്ങൾക്കു നൽകുന്ന സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ സേവനത്തിനും നിശ്ചയിച്ചിരിക്കുന്ന സമയത്തിന്റെ കാലയളവ് വെളിപ്പെടുത്തുമോ;

(എ) ഉണ്ട്. വില്ലേജ് ആഫീസുകളിൽനിന്നും പൊതുജനങ്ങൾക്കു നൽകുന്ന 20 സേവനങ്ങൾക്ക് സേവനാവകാശനിയമപ്രകാരം താഴെപറയുംപ്രകാരം സമയപരിധി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| 1 | വരുമാന സർട്ടിഫിക്കറ്റ് | 6 ദിവസത്തിനകം |
| 2 | ജാതി സർട്ടിഫിക്കറ്റ് | ജാതി സംബന്ധിച്ച സംശയം വരുന്ന സാഹചര്യം ഇല്ലാത്ത കേസുകളിൽ 3 ദിവസത്തിനകം (പട്ടികജാതി/പട്ടികവർഗ്ഗം ഒഴികെ) |
| 3 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് (5 ലക്ഷം രൂപ വരെ) | 15 ദിവസത്തിനകം |
| 4 | റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് | 3 ദിവസത്തിനകം |
| 5 | കൈവശാവകാശ സർട്ടിഫിക്കറ്റ് | 7 ദിവസത്തിനകം |
| 6 | റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് | 6 ദിവസത്തിനകം |
| 7 | ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് | 6 ദിവസത്തിനകം |
| 8 | സോൾവൻസി സർട്ടിഫിക്കറ്റ് (5 ലക്ഷം രൂപ വരെ) | 15 ദിവസത്തിനകം |
| 9 | (എ)ഡൊമിസൈൽ സർട്ടിഫിക്കറ്റ്<br>(ബി) നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | 3 ദിവസത്തിനകം<br>5 ദിവസത്തിനകം |
| 10 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 11 | വിധവാ സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 12 | നോൺ റീമ്യാരേജ് സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |

| | | |
|---|---|---|
| 13 | ലൈഫ് സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 14 | വൺ & സെയിം സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 15 | നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് | 7 ദിവസത്തിനകം |
| 16 | അഗതി സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 17 | ആശ്രിത സർട്ടിഫിക്കറ്റ് | 7 ദിവസത്തിനകം |
| 18 | പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് | 7 ദിവസത്തിനകം |
| 19 | ലൊക്കേഷൻ സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 20 | പോക്കുവരവ് (സബ്ബ് ഡിവിഷൻ ഇല്ലാത്ത കേസുകൾ) | നിയമതടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത കേസുകളിൽ 40 ദിവസത്തിനകം |

(ബി) വില്ലേജ് ആഫീസുകളിൽ വിവിധങ്ങളായ സേവനങ്ങൾക്ക് പ്രത്യേക ദിവസങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സേവനങ്ങൾക്ക് ഏതൊക്കെ സമയമാണെന്നും ഏതൊക്കെ ദിവസമാണെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രത്യേക ദിവസങ്ങൾ നിശ്ചയിച്ചിട്ടില്ല

(സി) വില്ലേജ് ആഫീസുകളിൽ സ്വീകരിക്കുന്ന പരാതികൾ/ അപേക്ഷകൾ സ്വീകരിക്കുന്ന സമയംതന്നെ രജിസ്റ്റർ ചെയ്യുവാനും രസീതു നൽകുവാനും സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഉണ്ട്. നേരിട്ട് ലഭിയ്ക്കുന്ന എല്ലാ അപേക്ഷകളും രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് രസീത് നൽകുന്നതിന് എല്ലാ വില്ലേജ് ഓഫീസുകളിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വില്ലേജ് ആഫീസുകളിൽനിന്നും ലഭ്യമാകുന്ന വിവിധ സേവനങ്ങളുടെ വേഗത കൂട്ടാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

(ഡി) വിവരസാങ്കേതിക വിദ്യയുപയോഗിച്ചും, ആധുനിക മാനേജ്മെന്റ് തന്ത്രങ്ങളുപയോഗിച്ചും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ കാര്യക്ഷമത കൂട്ടാൻ ജീവനക്കാർക്ക് നിരന്തരമായി പരിശീലനം നൽകുന്നുണ്ട്. ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് വിവിധ തരത്തിലുള്ള സേവനങ്ങൾ ആധുനിക രീതിയിലും വേഗത്തിലും സുതാര്യതയിലും ജനങ്ങൾക്ക് നൽകി വില്ലേജ് ആഫീസുകൾ ജനസൗഹൃദ ആഫീസുകളാക്കി മാറ്റുവാൻ ഉദ്ദേശിച്ചുകൊണ്ട് "സ്മാർട്ട് വില്ലേജ് പദ്ധതി" നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇ-ഡിസ്ട്രിക്ട്

പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചുകൊണ്ട് ഓൺലൈൻ പേമെന്റ് ഗേറ്റ്‌വേ സാദ്ധ്യമാക്കുവാനും ഉദ്ദേശിക്കുന്നു. ഇതുവഴി പൗരന് വില്ലേജ് ആഫീസിലും അക്ഷയകേന്ദ്രത്തിലും നേരിട്ട് ചെന്നും അല്ലാത്തവർക്ക് വീട്ടിലിരുന്നും സർട്ടിഫിക്കറ്റുകൾ സ്വായത്തമാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ